**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2910 — 19.06.2014-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.പി.മുഹമ്മദ്**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, എം.എ.വാഹിദ്**<br>**,, ബെന്നി ബെഹനാൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഘട്ടംഘട്ടമായി പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ നിർമ്മാണം ദേശീയ നിലവാരത്തിലേക്കുയർത്തുന്നതാണ്.<br>ദേശീയപാത വിഭാഗത്തിൻ കീഴിൽ വരുന്ന റോഡുകളെല്ലാം തന്നെ Ministry of Road Transport & Highways, ഐ.ആർ.സി സ്പെസിഫിക്കേഷനനുസരിച്ച് ദേശീയ നിലവാരത്തിലാണ് നിർമ്മിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) സുഗമമായും സുരക്ഷിതമായും വാഹന ഗതാഗതത്തിന് ഉതകുന്ന ഒരു പ്രതലമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ദേശീയ നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുകയാണെങ്കിൽ വാഹന ഗതാഗതം സുഗമമാക്കുന്നതോടൊപ്പം അപകടങ്ങൾ കുറയ്ക്കുവാനും വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കുറയ്ക്കുന്നതിനും സാധിക്കും. |
| (സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) റോഡിന്റെ പ്രതലം ബി.എം., ബി.സി. ഉപയോഗിച്ച് ബലപ്പെടുത്തുന്നതിന് പുറമേ റോഡ് മാർക്കിംഗ്, സുരക്ഷാബോർഡുകൾ, മറ്റ് റോഡ് ഫർണിച്ചറുകൾ എന്നിവയാണ് വിഭാവനം ചെയ്യുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ ? | (ഡി) പ്രസ്തുത പ്രവൃത്തികൾ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**